**മേലെഴുത്ത് നമ്പർ: DTETVM/3313/2025-EA2 (EA)** **തീയതി: 02-06-2025**

സൂചനഃ- ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിൽ നിന്നുള്ള **19.03.2025** ലെ സ.ഉ(സാധാ) നം. **357/2025/HEDN** നമ്പർ ഉത്തരവ്

സൂചന ഉത്തരവിൻ്റെ പകർപ്പ് അറിവിലേക്കായി ഇതോടൊപ്പം നൽകുന്നു.

**JAYAPRAKASH P**

**SENIOR JOINT DIRECTOR (ECS)**

സ്വീകർത്താവ്,

വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനമേധാവിമാർക്കും **DTE** വെബ്സൈറ്റ് വഴി

Signed by
Jayaprakash P
Date: 02-06-2025 22:09:46

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - സംസ്ഥാനത്തെ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി സമിതികളിൽ പങ്കെടുക്കുന്നതിന് കോളേജ് അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് ഓൺ ഡ്യൂട്ടിയായി പരിഗണിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.357/2025/HEDN തീയതി,തിരുവനന്തപുരം, 19-03-2025

പരാമർശം:-
1. ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ 05.06.2023 തീയതിയിലെ 002/AKPCTA/2023-24 നമ്പർ കത്ത്
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 24.01.2025 തീയതിയിലെ DCETVM/1332/2024-ഡി1 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി സമിതികളിൽ അംഗങ്ങളായിട്ടുള്ള അദ്ധ്യാപകർ അതാത് സമിതികളിൽ പങ്കെടുക്കുമ്പോൾ അവരുടെ മാതൃസ്ഥാപനവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങൾ, അത്തരം സമിതികളിൽ പങ്കെടുക്കുന്നതിന് ഓൺ ഡ്യൂട്ടി ആയി പരിഗണിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ കൃത്യമായി പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവുകൾ നിലവിലില്ല എന്നും ഇത് ചില സ്ഥാപനങ്ങളിൽ ചില സാഹചര്യങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നതായും അതിനാൽ സർവ്വകലാശാലതല പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുപോകുന്ന രീതിയിലും അത്തരം പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന ലഭിക്കുന്ന രീതിയിലും ഉള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവ് അടിയന്തിരമായി ഇറക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി സമിതികളിൽ അംഗങ്ങളായിട്ടുള്ള അദ്ധ്യാപകർ അതത് സമിതികളിൽ യോഗം ചേരുമ്പോൾ ബന്ധപ്പെട്ട സർവ്വകലാശാലയിലെ വൈസ് ചാൻസിലർ /രജിസ്ട്രാർ അനുവദിച്ച് നല്കുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് ഡ്യൂട്ടിയായി അനുവദിച്ച് നൽകാവുന്നതാണെന്നും കഴിവതും മാതൃസ്ഥാപനങ്ങളിലെ അദ്ധ്യാപന, അക്കാദമിക പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ സമിതി യോഗങ്ങൾ ക്രമപ്പെടുത്തണമെന്ന നിർദേശം സർവ്വകലാശാലകൾക്ക് നല്കാവുന്നതാണെന്നും കൂടാതെ ഈ വിഷയത്തിൽ ആശയക്കുഴപ്പം ദൂരീകരിക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു ഏകീകൃത ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതമാണെന്നും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി സമിതികളിൽ പങ്കെടുക്കുന്നതിന് അതത്

സർവ്വകലാശാലകളുടെ ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കോളേജ് അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് ഓൺ ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYAMOHAN
സ്പെഷ്യൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
രജിസ്ട്രാർ, കേരള/മഹാത്മ ഗാന്ധി/കാലിക്കറ്റ്/കണ്ണൂർ സർവ്വകലാശാല
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ,
കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
ഉന്നത വിദ്യാഭ്യാസ (ബി, ഇ, സി, എഫ്, ജി, ജെ) വകുപ്പ്
www.highereducation.kerala.gov.in
കരുതൽ കോപ്പി/ഓഫീസ് കോപ്പി (ഡി1/141/2023-ഉവിവ)

ഉത്തരവിൻ പ്രകാരം

Signed by
Rahmathunnisa Chenatukuzhiyan
Date: 19-03-2025 14:29:57
സെക്ഷൻ ഓഫീസർ